**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2967** **03-08-2021 - ൽ മറുപടിയ്ക്ക്**

**വണ്ടൂർ സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂരിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 2019-20ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വണ്ടൂർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വണ്ടൂർ വി.എം.സി. എച്ച്.എസ്.എസ് ലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് - 19 മൂലമുള്ള നിയന്ത്രണങ്ങൾ കാരണം എഞ്ചിനീയറിംഗ് കോളേജിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് - 19 മൂലമുള്ള നിയന്ത്രണങ്ങൾ മാറിയ ശേഷം മണ്ണ് പരിശോധന പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്തശേഷം വിശദമായ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വണ്ടൂർ വി.എം.സി. എച്ച്.എസ്.എസ് അധികൃതർ കായിക വകുപ്പുമായി നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ സുഗമമായ തുടർപരിപാലനവുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിൽ ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (ബി) | 2019-20ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വണ്ടൂർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വണ്ടൂർ വി.എം.സി. എച്ച്.എസ്.എസ് ലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് - 19 മൂലമുള്ള |

| | | | |
|---|---|---|---|
| | | | നിയന്ത്രണങ്ങൾ കാരണം എഞ്ചിനീയറിംഗ് കോളേജിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് - 19 മൂലമുള്ള നിയന്ത്രണങ്ങൾ മാറിയ ശേഷം മണ്ണ് പരിശോധന പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്തശേഷം വിശദമായ ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വണ്ടൂർ വി.എം.സി. എച്ച്.എസ്.എസ് അധികൃതർ കായിക വകുപ്പുമായി നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ സുഗമമായ തുടർപരിപാലനവുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിൽ ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ